**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 242** **22-06-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരമുള്ള പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഒപ്പം പദ്ധതി - സന്നദ്ധ ഓട്ടോ തൊഴിലാളികളുടെ സഹകരണത്തോടെ അശരണരായ കിടപ്പ് രോഗികൾക്ക് റേഷൻ വിഹിതം വീട്ടിൽ എത്തിച്ച് നൽകുന്ന പദ്ധതിയായ ഒപ്പം പദ്ധതി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 06.05.2023 ൽ ഉദ്ഘാടനം നടത്തിയിരുന്നു. നിലവിൽ ടി പദ്ധതിയ്ക്ക് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഗുണഭോക്താക്കളില്ല.

കെ സ്റ്റോർ- റേഷൻ കടകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താലൂക്കിലെ 44 റേഷൻ കടകളെ കെ - സ്റ്റോർ ആക്കി മാറ്റിയിട്ടുണ്ട്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രവർത്തിച്ച് വന്നിരുന്ന കുറിച്ചി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തിയിട്ടുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 8038 മുൻഗണന റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട് (AAY-435, PHH-7600)

**(സി)** പ്രസ്തുത മണ്ഡലത്തിൽ റേഷൻ റൈറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ;

**മറുപടി:** ഉണ്ട്. ചങ്ങനാശ്ശേരി താലൂക്കിൽ 19 അതിഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

**(ഡി)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര സപ്ലൈകോ മാവേലി സ്റ്റോറുകൾ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്;

**മറുപടി:** ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിലവിൽ 5 സപ്ലൈകോ മാവേലി സ്റ്റോറുകൾ, 2 സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, ഒരു മാവേലി മെഡിക്കൽ സ്റ്റോർ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്.

**(ഇ)** മുൻ സർക്കാരിന്റെ കാലത്ത് പുതിയ സപ്ലൈകോ, മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിനു കീഴിൽ പുതിയ സപ്ലൈകോ സ്റ്റോറുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല

**സെക്ഷൻ ഓഫീസർ**